# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ.2105 | 18.07.2016-ൽ<br>മറുപടിക്ക് |

**<u>രജിസ്ട്രേഷൻ വകുപ്പിന്റെ സേവനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച്</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എസ്.ശർമ്മ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി സ്ഥിരമായി തകരാറിലാകുന്നതുമൂലം സാധാരണക്കാർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത് തൊട്ടടുത്ത ബ്ലോക്ക് ഓഫീസിൽ നിന്നാണ്. ബ്ലോക്ക് ഓഫീസിൽ ഉണ്ടാകുന്ന കണക്ടിവിറ്റി തകരാറുകൾ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തെയും ബാധിക്കുന്നു. ഇത് പൊതുജനങ്ങൾക്ക് ചില ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | ബി) ബ്ലോക്കുകളിൽ സ്ഥാപിച്ചിട്ടുള്ള യു.പി.എസുകളുടെ തകരാറുമൂലം സേവനങ്ങൾ തടസപ്പെടുന്നത് ഒഴിവാക്കുന്നതിനുവേണ്ടി, കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനുമായി ഇക്കാര്യത്തിൽ കൂടിയാലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കുകളിൽ പുതിയ യു.പി.എസുകൾ സ്ഥാപിച്ചുവരുന്നു. |
| സി) നെറ്റ് കണക്ടിവിറ്റിയുടെ തകരാറ് ദിവസങ്ങളോളം നീളുന്ന പക്ഷം അനുയോജ്യമായ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | സി) നെറ്റ് കണക്ടിവിറ്റിയുടെ തകരാറ് പരിഹരിക്കുവാൻ കാലതാമസം നേരിടുന്ന പക്ഷം പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മാന്വൽ ആയി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**